(ഡി) ഇത് മിഷൻ മോഡ് പ്രോജക്ട് ആകയാൽ പ്രസ്തുത തസ്തികകൾക്ക് ഡെപ്യൂട്ടേഷൻ മുഖേനയും സാങ്കേതിക പരിജ്ഞാനം ഉള്ളവരെ ക്യാംപസിൽ നിന്നും നേരിട്ടും പരസ്യത്തിലൂടെയും താൽക്കാലികമായി തെരഞ്ഞെടുക്കുന്നു. ഗവൺമെന്റ് വകുപ്പുകളിൽനിന്നും താഴെപ്പറയുന്ന തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തിയിട്ടുണ്ട്.

1. എക്സിക്യൂട്ടിവ് ചെയർമാൻ&ഡയറക്ടർ-സർക്കാർ നേരിട്ട് നിയമനം നടത്തുന്നു.
2. ഡറക്ടർ (ടെക്നിക്കൽ)-സയന്റിസ്റ്റ് ബി (അനർട്ട്)
3. ഡയറക്ടർ (ഇംപ്ലിമെന്റേഷൻ) മാനേജർ (കെൽട്രോൺ)
4. ഗ്രൂപ്പ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)- പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ (അഡീഷണൽ ചാർജ്)
5. എച്ച്. ഒ. ഡി. (ട്രെയിനിംഗ്)-സയന്റിസ്റ്റ് IV(1) (സി.ഡിറ്റ്)
6. എച്ച്.ഒ.ഡി. (ലോബ്ക്&ക്യൂഎ) അഗ്രികൾച്ചറൽ ഓഫീസർ (കൃഷി വകുപ്പ്)
7. ടീം ലീഡർ (അഡ്മിനിസ്ട്രേഷൻ)-ടീം ലീഡർ (പർച്ചേസ്&വർക്ക്സ്) അഡീഷണൽ ചാർജ്.
8. ടീം ലീഡർ (പർച്ചേസ്&വർക്ക്സ്) ഡെപ്യൂട്ടി രജിസ്ട്രാർ (ഇൻഡസ്ട്രീസ് & കോമേഴ്സ്)
9. അക്കൗണ്ട്സ്-സീനിയർ അക്കൗണ്ട്സ് ഓഫീസർ (ഓഫീസ് ഓഫ് ദി പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ (ഓഫീസ് ഓഫ് ദിപ്രിൻസിപ്പൽ അക്കൗണ്ട്സ് ജനറൽ (എ&ഇ) -1 മഹാരാഷ്ട്ര)
10. സർക്കാർ/സി-ഡിറ്റിന്റെ നിരക്ക് പ്രകാരം യാത്രക്ക് ലഭ്യമാകുന്ന യാത്രപ്പടി നൽകുന്നു. വിശദവിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

(ഇ) സർക്കാർ/സി-ഡിറ്റിന്റെ നിരക്ക് പ്രകാരം യാത്രക്ക് ലഭ്യമാകുന്ന യാത്രപ്പടി നൽകുന്നു. വിശദവിവരം അനുബന്ധം-3 ആയി ചേർക്കുന്നു.*

(എഫ്) അവസാന ഘട്ടത്തിലാണ്. ഏതാണ്ട് 70 ശതമാനം പൂർത്തീകരിച്ചു കഴിഞ്ഞു.

ഇൻഫർമേഷൻ കേരള മിഷന്റെ വാർഷിക റിപ്പോർട്ടുകൾ

161 (1631) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷന്റെ വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കാറുണ്ടോ ; എങ്കിൽ നാളിതുവരെ ഏതുവർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട് ; ഇനി എത്ര റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ട് എന്നിവ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സമർപ്പിക്കാൻ ബാക്കിയുള്ള എല്ലാ റിപ്പോർട്ടുകളും നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ തന്നെ സമർപ്പിക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട് ; 2003-04 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2004-05 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ട്.

(ബി) പ്രോഗ്രാം ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് അടിയന്തരമായി ചില ജോലികളിൽ വ്യാപൃതമായതിനാലാണ് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാൻ സാധിക്കാതിരുന്നത്.

(സി) കുടിശ്ശികയുള്ള 2004-05 മുതൽ 2008-09 വരെയുള്ള റിപ്പോർട്ടുകൾ ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിൽ ലഭ്യമിക്കിയിട്ടുണ്ട്. ആയതു നിയമസഭയിൽ സമർപ്പിക്കുന്നതിന് മുന്നോടിയായുള്ള പരിശോധനകൾ നടത്തിവരികയാണ്. 2009-10-ലെ റിപ്പോർട്ട് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിന്റെ റിപ്പോർട്ട്

162 (1632) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2010 വരെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിങ്ങിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ റിപ്പോർട്ടുകളുൾപ്പെട്ട സമാഹൃത റിപ്പോർട്ട് നിയമസഭയിൽ വച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(സി) നിയമപ്രകാരം യഥാസമയം സമാഹൃത റിപ്പോർട്ട് സഭയിൽ വയ്ക്കാൻ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly